(ഡി) വായ്പകൾക്ക് ഇപ്പോൾ നൽകിവരുന്ന പലിശ 5.85% മുതൽ 15% വരെ. 2001-2002 മുതൽ പലിശയിനത്തിൽ സർക്കാർ ചെലവാക്കുന്ന സംഖ്യ ഇപ്രകാരമാണ്.

	രൂപ കോടിയിൽ
2001-02	2,489.47
2002-03	2,946.77
2003-04*	2,739.21

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടില്ല.

സംസ്ഥാനത്തിന്റെ പൊതുക്കടം

2 [314] ശ്രീ. തോമസ് ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുക്കടം എത്രയായിരുന്നു;

(ബി) പൊതുക്കടം 2004 ജൂൺ 15 വരെ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) മൂന്നുവർഷം കൊണ്ട് പൊതുക്കടത്തിലുണ്ടായിട്ടുള്ള വർദ്ധന എത്ര ശതമാനമാണ്;

(ഡി) പൊതുക്കടം വർദ്ധിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ). 1-4-2001-ലെ പൊതുക്കടം 23,919 കോടി രൂപയായിരുന്നു.

(ബി) 31-3-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമെ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ 31-3-2004 വരെയുള്ള പൊതുക്കടം 36,234 കോടി രൂപ.

(സി) 12,315 കോടി രൂപ (താൽക്കാലിക കണക്കുകൾ)

(ഡി) വർദ്ധിച്ച തോതിലുള്ള പദ്ധതി ചെലവുകൾക്കായി കടമെടുത്തതും വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യത സർക്കാർ ഏറ്റെടുത്തതുമാണ് പൊതുക്കടം വർദ്ധിക്കാനുള്ള പ്രധാന കാരണം.

---

* അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly